പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*15 23/01/2018-ൽ മറുപടിക്ക്

**സുരക്ഷിത രക്തദാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | സുരക്ഷിതമായ രക്തദാനം ഉറപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിദഗ്ധസമിതി സർക്കാരിന് സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതനുസരിച്ച് ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നടത്തി എച്ച്.ഐ.വി. അണുബാധ ഇല്ലെന്ന് ഉറപ്പാക്കിയശേഷമേ രക്തം നൽകാവൂ എന്ന് നിർദ്ദേശിച്ചിരുന്നുവോ; | എ) | ആർ.സി.സിയിൽ രക്തം സ്വീകരിച്ച ഒരു കുട്ടിക്ക് എച്ച്.ഐ.വി ബാധയുണ്ടായെന്ന പരാതിയെ തുടർന്ന് ആരോഗ്യ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നടത്തിയതിന് ശേഷം രക്തം നൽകുന്നതിലൂടെ എച്ച്.ഐ.വി അണുബാധ ഗണ്യമായി കുറയ്ക്കുവാൻ കഴിയുമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. |
| ബി) | രക്തദാനത്തിനുമുമ്പ് ഈ ടെസ്റ്റ് നിർബന്ധമാക്കാൻ കർശന നിർദ്ദേശം നൽകുമോ? | ബി) | ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ചെലവ് ഏറിയതും നാലാം തലമുറയിലെ എലിസാ ടെസ്റ്റ് ഫലപ്രദമെന്നും കണ്ടെത്തിയതിനാലും നാക്കോ (*National Aids Control Organization*) നൽകുന്ന എലിസാ ടെസ്റ്റ് നാലാം തലമുറയിലേയ്ക്ക് ഉയർത്തുന്നതിന് NACO-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ